"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി- എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഡ്രൈവറായിരിയ്ക്കവെ മരണപ്പെട്ട സലാവുദ്ദീൻ. വി. എ -യുടെ ഭാര്യ ശ്രീമതി. റംസീന. സി. ഇ -ക്ക് എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

G.O.(Ms)No.9/2025/LSGD തീയതി,തിരുവനന്തപുരം, 11-01-2025

---

പരാമർശം:-

1. 30/12/1991 ലെ ജി.ഒ (പി) 45/91/പി &എ.ആർ.ഡി നമ്പർ ഉത്തരവ്.
2. 12/08/1996-ലെ ജി.ഒ (പി) 460/96-ംം നമ്പർ വിജ്ഞാപനം.
3. (എ) 24/05/1999-ലെ ജി.ഒ (പി) 12/1999/പി&എ.ആർ.ഡി നമ്പർ ഉത്തരവ്.
   (ബി) 18/11/1999-ലെ ജി.ഒ.(പി) 24/99/പി&എ.ആർ.ഡി നമ്പർ ഉത്തരവ്.
4. 23/07/2013-ലെ ജി.ഒ.(എം.എസ്) നം.21/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
5. 26/09/2014-ലെ ജി.ഒ.(പി) നം.33/14/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
6. സ.ഉ (കൈ) നം.5/2018/ഉപഭവ തീയതി 21/02/2018
7. 14/07/2023-ലെ ജി.ഒ (പി) 12/2023/പി&എ.ആർ.ഡി നമ്പർ ഉത്തരവ്.
8. ശ്രീമതി. റംസീന.സി.ഇ സമർപ്പിച്ച 17/10/2023-ലെ അപേക്ഷ.
9. പ്രിൻസിപ്പൽ ഡയറക്ടറുടെ 22/04/2024-ലെ LSGD/PD/12874/2024-DEF7 നമ്പർ കത്ത്.
10. എറണാകുളം ജില്ലാ കളക്ടറുടെ 18/11/2024 -ലെ ഇ5-962339/ 2024 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ ജോലി ചെയ്തു വരവേ 25/11/2022-ൽ മരണപ്പെട്ട സലാവുദ്ദീൻ. വി. എ -യുടെ ഭാര്യ ശ്രീമതി. റംസീന. സി. ഇ -ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള തൊഴിൽ നിയമന ആനുകൂല്യത്തിന് സമർപ്പിച്ച പരാമർശം (8) ലെ അപേക്ഷ, പരാമർശം (9) ലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു. മരണമടഞ്ഞ ജീവനക്കാരന് 17 വർഷവും 9 മാസവും 5 ദിവസവും സർക്കാർ സർവ്വീസുണ്ടായിരുന്നു. എറണാകുളം ജില്ലാ കളക്ടർ പരാമർശം (10) പ്രകാരം അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

ടിയാന്റെ മരണശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നൽകിയിട്ടില്ല. അപേക്ഷകയുടെ ജനനതീയതി 25/05/1991 ആണ്. 33 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക SSLC പരീക്ഷ പാസ്സായിട്ടുണ്ട്. എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്. ക്ലാർക്ക് തസ്തികയിൽ നിയമനം നേടുന്നതിന് ആവശ്യമായ യോഗ്യത അപേക്ഷക ആർജ്ജിച്ചിട്ടുണ്ട്. ആശ്രിതനിയമനം ലഭിക്കുന്ന പക്ഷം ആശ്രിതരെ വേണ്ടവിധം സംരക്ഷിച്ചു കൊള്ളാമെന്ന് ടിയാൾ സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തു വരവേ 25/11/2022-ൽ മരണപ്പെട്ട സലാവുദ്ദീൻ. വി. എ -യുടെ ഭാര്യ ശ്രീമതി. റംസീന. സി. ഇ -ക്ക് എറണാകുളം ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. പരാമർശം (3), (5) ഉത്തരവുകളിലെ നിബന്ധനകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, അനന്തരവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ രേഖകളുടെയും യഥാർത്ഥ പ്രതി നിയമനാധികാരി പരിശോധിക്കേണ്ടതാണെന്നുള്ള വ്യവസ്ഥയിലാണ് മേൽ നിയമനം. ഈ രേഖകളെല്ലാം പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം പ്രിൻസിപ്പൽ ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഒരു പകർപ്പ് സർക്കാരിൽ തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പിൽ അയച്ചുതരേണ്ടതുമാണ്. നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. പരാമർശം (2) ലെ സർക്കാർ വിജ്ഞാപനപ്രകാരം അപേക്ഷക നിയമനത്തിനു ശേഷം പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പുതല പരീക്ഷകൾ പാസായിരിക്കേണ്ടതുമാണ്.

അപേക്ഷ സമർപ്പിച്ച സമയത്തോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചു വയ്ക്കുകയോ ചെയ്തതായി എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം അപേക്ഷകയുടെ ജനനതീയതിയിൽ സർവ്വീസ് ബുക്കിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ ആയതിനായി അപേക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

DEPUTY SECRETARY

1) ശ്രീമതി. റംസീന.സി.ഇ, ചെറുപറമ്പിൽ ഹൗസ്, പല്ലാരിമംഗലം.പി.ഒ, പോത്താനിക്കാട്, എറണാകുളം ജില്ല (രജിസ്റ്റേർഡ് തപാൽ മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
(അപേക്ഷയും അനുബന്ധരേഖകളും സഹിതം)

3) ജില്ലാ കളക്ടർ, എറണാകുളം

4) പൊതുഭരണ (സി.ഇ) സെൽ വകുപ്പ്

5) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ

വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Dipukumar S L
Date: 12-01-2025 12:36:56

സെക്ഷൻ ഓഫീസർ